സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 238 2025 ജനുവരി 13 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

പുലിയുടെ ആക്രമണത്തിൽ ബാലിക കൊല്ലപ്പെട്ടു

അഹമ്മദബാദ്: ഗുജറാത്തിലെ അമ്രേലി ജില്ലയിൽ 7 വയസ്സുള്ള പെൺകുട്ടിയെ പുള്ളിപ്പുലി കൊന്നു. പുലിയെ പിടിക്കാൻ പ്രദേശത്ത് കൂടു കെണികൾ സ്ഥാപിക്കുമെന്ന് അധികൃതർ പറഞ്ഞു. ഞായറാഴ്ച വൈകുന്നേരം ചിത്രസാർ ഗ്രാമത്തിലെ പരുത്തിത്തോട്ടത്തിൽ പണിയെടുക്കുന്ന മാതാപിതാക്കൾക്കൊപ്പം നടന്നുപോകുമ്പോഴാണ് പുള്ളിപ്പുലി പെൺകുട്ടിയെ ആക്രമിച്ചതെന്ന് റജുല റേഞ്ച് ഫോറസ്റ്റ് ഓഫിസർ ജി.എൽ വഗേല പറഞ്ഞു. കഴുത്തിൽ ഗുരുതരമായി പരിക്കേറ്റ പെൺകുട്ടിയെ ജില്ലയിലെ ജാഫ്രാബാദിലെ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും മരിച്ചതായി ഉദ്യോഗസ്ഥർ പറഞ്ഞു. പുലിയെ പിടിക്കാൻ വനംവകുപ്പ് എട്ടു ടീമുകൾ രൂപീകരിച്ച് പരിസരപ്രദേശങ്ങളിൽ കൂടുകൾ സ്ഥാപിച്ചിട്ടുണ്ട്. പെൺകുട്ടിയെ ആക്രമിച്ച പുലിയെ പിടികൂടാൻ അടിയന്തര നടപടി സ്വീകരിക്കാൻ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയതായി റജുല എം.എൽ.എ ഹീരാ സോളങ്കി പറഞ്ഞു.

പിവി അൻവർ എംഎൽഎ സ്ഥാനം രാജിവച്ചു

കത്ത് സ്പീക്കർക്ക് കൈമാറി

തിരു: തൃണമൂൽ കോൺഗ്രസ് അംഗമായതിന് പിന്നാലെ പിവി അൻവർ എംഎൽഎ സ്ഥാനം രാജിവച്ചു. ഇന്ന് രാവിലെ സ്പീക്കർ എഎൻ ഷംസീറിനെ നേരിൽ കണ്ടാണ് അൻവർ രാജിക്കത്ത് കൈമാറിയത്. തന്റെ വാഹനത്തിൽ നിന്ന് എംഎൽഎ ബോർഡ് അൻവർ നേരത്തേ നീക്കം ചെയ്തിരുന്നു. കാലാവധി പൂർത്തിയാക്കാൻ ഒന്നര വർഷം ബാക്കിനിൽക്കെയാണ് രാജി.

തൃണമൂൽ കോൺഗ്രസിൽ ഔദ്യോഗികമായി അംഗത്വം എടുക്കാൻ സ്വതന്ത്ര എംഎൽഎ സ്ഥാനം തടസമാണ്. നിയമസഭയുടെ കാലാവധി തീരും മുമ്പ് അൻവർ മറ്റൊരു പാർട്ടിയിൽ ചേർന്നാൽ അയോഗ്യത നേരിടേണ്ടി വരും. ഇത് മറികടക്കാനാണ് രാജി.

കഴിഞ്ഞ ദിവസമാണ് മമത ബാനർജിയുടെ തൃണമൂൽ കോൺഗ്രസിൽ പിവി അൻവർ ചേർന്നത്. നിലവിൽ തൃണമൂലിന്റെ സംസ്ഥാന കോർഡിനേറ്റർ പദവിയാകും അൻവർ വഹിക്കുക. ഇതിനൊപ്പം കേരളത്തിലെ പാർട്ടിയുടെ ചുമതലകൾ ഏകോപിപ്പിക്കുന്നതിന് എംപിമാരായ സുസ്മിത ദേവ്, മഹുവ മൊയ്ത്ര എന്നിവർക്ക് മമതാ ബാനർജി ചുമതല നൽകിയതായും വിവരമുണ്ട്

അൻവറിനെ യുഡിഎഫിൽ എടുക്കണോ എന്ന കാര്യത്തിൽ തീരുമാനമൊന്നും ഇതുവരെ വന്നിട്ടില്ല. നിലമ്പൂരിൽ വീണ്ടും മത്സരിച്ച് തന്റെ കരുത്ത് സർക്കാരിനും എൽഡിഎഫിനും മുന്നിൽ തെളിയിക്കാനുള്ള ശ്രമമാണ് അൻവർ നടത്തുന്നത്.

5 വയസ്സുകാരിക്ക് എച്ച്.എം.പി.വി സ്ഥിരീകരിച്ചു

ചെന്നൈ: പുതുച്ചേരിയിൽ അഞ്ച് വയസ്സുകാരിക്ക് എച്ച്.എം.പി.വി സ്ഥിരീകരിച്ചു. കുട്ടി ചികിത്സയിൽ തുടരുകയാണ്. പനി, ചുമ, മൂക്കൊലിപ്പ് എന്നീ ലക്ഷണങ്ങളുമായാണ് കുട്ടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതെന്ന് പുതുച്ചേരി ആരോഗ്യ ഡയറക്ടർ വി. രവിചന്ദ്രൻ പ്രസ്താവനയിൽ പറഞ്ഞു. കുട്ടി സുഖം പ്രാപിച്ചു വരുന്നതായും എല്ലാ മുൻകരുതൽ നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പുതുച്ചേരിയിൽ കഴിഞ്ഞയാഴ്ച ആദ്യത്തെ എച്ച്.എം.പി.വി സ്ഥിരീകരിച്ചിരുന്നു. മൂന്നുവയസ്സുള്ള കുട്ടിക്കാണ് രോഗം റിപ്പോർട്ട് ചെയ്തത്.

ഇതുവരെ അറസ്റ്റിലായത് 39 പേർ; പത്തനംതിട്ട പീഡനക്കേസിൽ അന്വേഷണം കടുപ്പിച്ച് പൊലീസ്

പത്തനംതിട്ട: കായികതാരമായ ദളിത് പെൺകുട്ടിയെ വർഷങ്ങളായി പീഡിപ്പിച്ച സംഭവത്തിൽ അറസ്റ്റിലായവരുടെ എണ്ണം 39 ആയി. പത്തനംതിട്ടയിലെ നാല് പൊലീസ് സ്റ്റേഷനുകളിലാണ് പ്രതികൾ ഉള്ളത്. ഇന്ന് വൈകിട്ടോടെ കൂടുതൽ അറസ്റ്റ് ഉണ്ടാകുമെന്നും പൊലീസ് അറിയിച്ചു. പ്രതികളിൽ ചിലർ വിദേശത്താണുള്ളത്. ഇവരെ നാട്ടിലെത്തിക്കാൻ ശ്രമം തുടരുമെന്ന് പൊലീസ് വ്യക്തമാക്കി. ഇതിനായി ലുക്ക് ഔട്ട് നോട്ടീസ് ഇറക്കും.

കൂട്ടബലാത്സംഗത്തിനാണ് പൊലീസ് കേസെടുത്തിരിക്കുന്നത്. പത്തനംതിട്ട ഡിവൈഎസ്പി എസ് നന്ദകുമാറിന്റെ നേതൃത്വത്തിൽ 25 അംഗ സംഘമാണ് കേസ് അന്വേഷിക്കുന്നത്. ഡിഐജി അജിതാ ബീഗം മേൽനോട്ടം വഹിക്കും. പെൺകുട്ടിയുടെ നഗ്നദൃശ്യം പകർത്തി ഭീഷണിപ്പെടുത്തി പീഡനത്തിന് ഇരയാക്കിയവരുമുണ്ട്. സ്മാർട്ട് ഫോൺ ഉപയോഗം അറിയാത്ത അച്ഛന്റെ മൊബൈൽ ഫോണിലായിരുന്നു പെൺകുട്ടിയും പ്രതികളുമായുള്ള ആശയ വിനിമയം നടന്നിരുന്നത്.

പെൺകുട്ടിയുടെ ഫോൺനമ്പറും നഗ്ന ദൃശ്യങ്ങളും വ്യാപകമായി പ്രചരിപ്പിച്ചതായും പൊലീസ് കണ്ടെത്തിയിട്ടുണ്ട്. കുട്ടിയെ പത്തനംതിട്ടയിലെ ജനറൽ ആശുപത്രിയിൽ വച്ച് പോലും പീഡനത്തിനിരയാക്കിട്ടുണ്ടെന്നും പൊലീസ് പറയുന്നു. 13-ാം വയസിലാണ് പെൺകുട്ടി ആദ്യമായി പീഡനത്തിന് ഇരയായത്. കുട്ടിക്ക് ഇപ്പോൾ 18 വയസുണ്ട്. ദിവസങ്ങൾക്ക് മുൻപ് പെൺകുട്ടി ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് (സിഡബ്ല്യുസി)മുൻപിൽ നടത്തിയ വെളിപ്പെടുത്തലിലൂടെയാണ് സംഭവത്തിന്റെ ചുരുളഴിഞ്ഞത്. 62 പേരുടെ വിവരങ്ങൾ കൗൺസിലിംഗിലൂടെ സിഡബ്ല്യുസിക്ക് കിട്ടിയിരുന്നു.

പ്രതികൾക്കെതിരെ പോക്സോ കൂടാതെ പട്ടികജാതി പട്ടികവർഗ പീഡന നിരോധന നിയമം കൂടി ചേർത്തിട്ടുണ്ട്.

'ഇനി പോരാട്ടത്തിന്റെ അടുത്ത ഘട്ടം, നിലമ്പൂരിൽ മത്സരിക്കില്ല'; നയം വ്യക്തമാക്കി പിവി അൻവർ

തിരു: സ്പീക്കർ എഎൻ ഷംസീറിന് രാജിക്കത്ത് കൈമാറിയതിന് പിന്നാലെ വാർത്താ സമ്മേളനം നടത്തി പിവി അൻവർ. നിലമ്പൂരിൽ ജയിപ്പിച്ച ജനങ്ങൾക്കും ഒപ്പം നിന്ന ഇടതുപക്ഷ നേതാക്കൾക്കും അൻവർ നന്ദി പറഞ്ഞു. മമത പറഞ്ഞിട്ടാണ് രാജി വച്ചതെന്നും ഇനിയുള്ള പോരാട്ടം മലയോര മേഖലയിലെ ജനങ്ങൾക്കായാണെന്നും അദ്ദേഹം പറഞ്ഞു. ഉപതിരഞ്ഞെടുപ്പിൽ നിലമ്പൂരിൽ നിന്ന് മത്സരിക്കില്ലെന്നും അൻവർ വ്യക്തമാക്കി.

'കഴിഞ്ഞ ആറ് മാസമായി പിണറായിസത്തിനും കേരളത്തിലെ സർക്കാരിനുമെതിരെ ഞാൻ നടത്തിയ പോരാട്ടത്തിന് പിന്തുണ നൽകിയ ജനങ്ങൾക്ക് നന്ദി. 2016ലും 2021ലും നിലമ്പൂർ നിയോജക മണ്ഡലത്തിൽ നിന്ന് എന്നെ വോട്ട് ചെയ്ത് വിജയിപ്പിച്ച വോട്ടർമാർക്കും ആദ്യമായി നിയമസഭയിലെത്താൻ എനിക്ക് പിന്തുണ നൽകിയ നിലമ്പൂരിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതാക്കൾക്കും പ്രവർത്തകർക്കും നന്ദി. എട്ടര വർഷത്തെ എംഎൽഎ ജീവിതത്തിന് ശേഷം കഴിഞ്ഞ 11-ാം തീയതി ഇ-മെയിൽ വഴി ഞാൻ രാജി സമർപ്പിച്ചിരുന്നു. ഇന്നാണ് ഔദ്യോഗികമായി രാജി കത്ത് കൈമറിയത്.

ഇന്ത്യയിലെ ജനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വന്യജീവി ആക്രമണമാണ്. ഇക്കാര്യം വീഡിയോ കോൺഫറൻസിലൂടെ ഞാൻ മമതാജിയെ അറിയിച്ചു. കേരളത്തിന്റെ 70 ശതമാനം കാടാണ്. കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഈ വലിയ പ്രശ്നത്തിന് പരിഹാരം കാണാൻ പാർലമെന്റിൽ വിഷയം അവതരിപ്പിക്കണമെന്നും ഞാൻ അവരോട് അഭ്യർത്ഥിച്ചു. ആസാമിലും ഇതേ രീതിയിൽ പ്രശ്നമുണ്ടെന്ന് അവർ പറഞ്ഞു. അവരുടെ പാർട്ടിയുമായി ചേർന്നാൽ വിഷയം പാർലമെന്റിൽ അവതരിപ്പിക്കാമെന്നും, ഇന്ത്യാ മുന്നണിയുമായി ചേർന്ന് 1972ലെ അനിമൽ പ്രൊട്ടക്ഷൻ ആക്ടിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി വന്യജീവികളുടെ എണ്ണം കുറയ്ക്കാൻ സർക്കാരിൽ സമ്മർദം ചെലുത്താമെന്നും അവർ സമ്മതിച്ചു.

അടുത്ത തിരഞ്ഞെടുപ്പോടെ പാർട്ടിയിൽ ചേരാമെന്നാണ് ഞാൻ അവരോട് പറഞ്ഞത്. എന്നാൽ, മലയോര മേഖലയിൽ ജീവിക്കുന്നവരുടെ പ്രശ്നം വലുതാണ്. അതിനാൽ, മലയോര മേഖലയിലെ ജനങ്ങൾക്കായി നിങ്ങൾ രാജി സമർപ്പിച്ച് എത്രയും വേഗം മുന്നോട്ടുവരണമെന്നാണ് മമതാജി പറഞ്ഞത്. ബിഷപ്പുമാർ ഉൾപ്പെടെ പലരോടും ആലോചിച്ചിട്ടാണ് രാജി തീരുമാനം എടുത്തത്.

പി ശശി, എസ്പി സുജിത്ത് ദാസ്, എഡിജിപി എംആർ അജിത് കുമാർ എന്നിവർക്കെതിരെ ഞാൻ ആരോപണം ഉന്നയിച്ചപ്പോൾ മുഖ്യമന്ത്രി കൂടെ നിൽക്കുമെന്ന് കരുതി. ഇടതുപക്ഷ പാർട്ടിയിലുള്ള പലർക്കും ഇവരോട് എതിർപ്പായിരുന്നു. പക്ഷേ, തുറന്നുപറയാൻ മറ്റാരും ധൈര്യം കാണിച്ചില്ല. എന്നാൽ, ഞെട്ടിച്ചുകൊണ്ടാണ് മുഖ്യമന്ത്രി എനിക്കെതിരെ സംസാരിച്ചത്. ഉപതിരഞ്ഞെടുപ്പിൽ നിലമ്പൂരിൽ നിന്ന് മത്സരിക്കില്ല. വിഎസ് ജോയിയെ ഉപതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാക്കണം. മലയോര മേഖലയിലെ പ്രശ്നങ്ങൾ അറിയുന്ന വ്യക്തിയാണ് അദ്ദേഹം. ഒരുപാട് പാപഭാരങ്ങൾ ചുമന്ന വ്യക്തിയാണ് ഞാൻ.'

കിഴക്കഞ്ചേരിയിൽ അജ്ഞാതർ വീടിന് തീയിട്ടു; 14 കാരന് പൊള്ളലേറ്റു

കിഴക്കഞ്ചേരി (പാലക്കാട്): എരിക്കുംചിറയിൽ അജ്ഞാതർ വീടിന് തീയിട്ടു. എരുക്കുംചിറ റെനിയുടെ വീട്ടിൽ ഇന്നലെ രാത്രി പത്തരയോടെയായിരുന്നു സംഭവം. റെനിക്കൊപ്പം ഹാളിൽ കിടക്കുകയായിരുന്ന മകൻ നെവിന്റെ (14) കാലിന് പൊള്ളലേറ്റു.

കിടപ്പുമുറിയിൽനിന്ന് സ്ഫോടന ശബ്ദം കേട്ടാണ് സംഭവം അറിയുന്നത്. സ്ഫോടനത്തിന്റെ ശക്തിയിൽ മുറിക്കുള്ളിൽനിന്ന് ഹാളിലേക്ക് തീ പടർന്നപ്പോൾ നെവിന്റെ കാലിന് പൊള്ളലേൽക്കുകയായിരുന്നു. നെവിനെ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കിടപ്പുമുറിയുടെ ജനൽ തുറന്ന നിലയിലായിരുന്നു. ജനൽ വഴി തീയിട്ടതാകാമെന്നാണ് വടക്കഞ്ചേരി പോലീസ് സംശയിക്കുന്നത്. ബെഡ്ഡ്, തുണികൾ, അലമാര തുടങ്ങിയവ കത്തി. ശനിയാഴ്ച റെനിയുടെ വീടിന്റെ ടെറസിൽ ഓടിന്റെ കഷണങ്ങൾ വട്ടത്തിൽ വെച്ച് തീ കൂട്ടിയതായും കണ്ടെത്തിയിരുന്നു. ഞായറാഴ്ച രാവിലെ കുടുംബം പള്ളിയിൽ പോയി തിരികെ വന്നപ്പോൾ വീട് തുറന്ന നിലയിലായിരുന്നു. അലമാരയിൽനിന്ന് വസ്ത്രങ്ങൾ വാരിവലിച്ചിട്ടിരുന്നു. വടക്കഞ്ചേരി പോലീസ് കേസെടുത്തു.

മഹാകുംഭമേളക്കായി യുപിയുടെ ബഡ്ജറ്റ് 7000 കോടി രൂപ

ലക്നൗ: ലോകത്തെ തന്നെ ഏറ്റവും വലിയ ആത്മീയസംഗമങ്ങളിലൊന്നായ മഹാകുംഭമേളയ്ക്ക് യുപിയിലെ പ്രയാഗ് രാജിൽ തുടക്കമായിരിക്കുകയാണ്. കുംഭമേളയുടെ ഭാഗമായി പൗഷ് പൂർണിമയുടെ ആദ്യ ഷാഹി സ്നാനത്തിൽ ഗംഗാ നദിയിൽ മുങ്ങുകയാണ് ഭക്തർ. രാവിലെ 8മണിവരെ 60 ലക്ഷത്തിലധികം ഭക്തരാണ് ത്രിവേണി സംഗമത്തിൽ മോക്ഷപ്രാർത്ഥിക്കായി മുങ്ങിനിവർന്നതെന്ന് സർക്കാർ വൃത്തങ്ങൾ അറിയിച്ചു.

144 വർഷത്തിനുശേഷം നടക്കുന്ന 45 ദിവസം നീണ്ടുനിൽക്കുന്ന മഹാകുംഭമേളയിൽ 45 കോടിയിലധികം ഭക്തർ പങ്കെടുക്കുമെന്നാണ് വിലയിരുത്തൽ. 15 ലക്ഷത്തോളം വിദേശികളും പങ്കെടുക്കുമെന്ന് സർക്കാർ വൃത്തങ്ങൾ അറിയിക്കുന്നു.

കുംഭമേളക്കായുള്ള സംസ്ഥാനത്തിന്റെ ബഡ്ജറ്റ് 7000 കോടി രൂപയാണെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി മനോജ് കുമാർ സിംഗ് വ്യക്തമാക്കി. ഐആർസിടിസി, ഐടിഡിസി എന്നിവരുമായി ചേർന്ന് വിവിധ ടൂർ പാക്കേജുകളും ആഡംബര താമസ സൗകര്യങ്ങളും ഭക്തർക്കായി ലഭ്യമാക്കും. പ്രയാഗ്രാജിൽ 80 ആഡംബര ടെന്റുകളാണ് ഐടിഡിസി ഒരുക്കിയത്. ഐആർസിടിസിയും ആഡംബര ടെന്റുകൾ ഒരുക്കിയിട്ടുള്ളതായി സിംഗ് പറഞ്ഞു.

അത്യാധുനിക സുരക്ഷാ സംവിധാനങ്ങളാണ് മേളയിൽ ഒരുക്കിയിട്ടുള്ളത് 24 മണിക്കൂർ നിരീക്ഷിക്കാൻ സഹായിക്കുന്ന അണ്ടർവാട്ടർ ഡ്രോണുകൾ, എഐ ക്യാമറകൾ എന്നിവയാണ് ഭക്തരുടെ സുരക്ഷയ്ക്കായി ഉപയോഗിക്കുന്നത്. 700 ബോട്ടുകളിൽ എൻഡിആർഎഫ്, എസ്ഡിആർഎഫ് ടീമുകളെ വിന്യസിച്ചിട്ടുണ്ട്.

അർദ്ധസൈനിക വിഭാഗങ്ങൾ ഉൾപ്പെടെ അരലക്ഷം പൊലീസ് സേനാംഗങ്ങളെയാണ് നിയോഗിച്ചിട്ടുള്ളത്. 2700 സുരക്ഷാ ക്യാമറകൾ സദാസമയവും നിരീക്ഷിക്കും. അഗ്നിബാധ തടയാൻ മാത്രം 131.48 കോടിയുടെ സുരക്ഷാ സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. 351 ഫയർ എൻജിനുകളും 2000ത്തിലേറെ അഗ്നിശമന സേനാംഗങ്ങളും സദാസമയവും ഡ്യൂട്ടിയിലുണ്ടാവും. നാല് സംസ്ഥാനങ്ങളിലെ 11 വിമാനത്താവളങ്ങളിൽ വിമാനങ്ങൾക്ക് പാർക്ക് ചെയ്യാൻ സൗകര്യമുണ്ട്. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 3000 സ്പെഷ്യൽ ട്രെയിനുകൾ ഉൾപ്പെടെ 13,000ത്തോളം ട്രെയിനുകൾ പ്രയാഗ് രാജിലേക്ക് സർവീസ് നടത്തും. 1000ത്തോളം ബസുകളും സർവീസിനുണ്ട്.

1800 ഹെക്ടറിലായി ഒന്നേകാൽ ലക്ഷത്തോളം വാഹനങ്ങൾക്കുള്ള പാർക്കിംഗ് സംവിധാനമാണ് ക്രമീകരിച്ചിട്ടുള്ളത്. 14 പുതിയ ഓവർബ്രിഡ്ജുകളും ഫ്ളൈ ഓവറുകളുമുൾപ്പെടെ 5500 കോടിയുടെ വികസന പദ്ധതികളാണ് കുംഭമേളയോട് അനുബന്ധിച്ച് സർക്കാർ നടപ്പാക്കിയത്.

ഗോപൻ സ്വാമിയുടെ സമാധി ഉടൻ തുറക്കും; കുടുംബാംഗങ്ങളെ പൊലീസ് ബലം പ്രയോഗിച്ച് മാറ്റി

തിരു: അതിയന്നൂർ കാവുവിളാകം കൈലാസനാഥ മഹാദേവ ക്ഷേത്രത്തിലെ ഗോപൻ സ്വാമിയുടെ (81) സമാധി ഉടൻ തുറക്കും. സമാധി തുറക്കാൻ അനുവദിക്കാത്ത കുടുംബാംഗങ്ങളെ പൊലീസ് ബലം പ്രയോഗിച്ച് മാറ്റി.

സമാധിയ്ക്ക് മുന്നിൽ ഗോപൻ സ്വാമിയുടെ ഭാര്യയും മകനും ഉണ്ടായിരുന്നു. സബ് കളക്ടർ ആൽഫ്രഡിന്റെ സാന്നിദ്ധ്യത്തിലാകും തുറന്ന് പരിശോധിക്കുക. വേണ്ട തയ്യാറെടുപ്പികളെല്ലാം പൊലീസ് പൂർത്തിയാക്കി. മൃതദേഹം ഇന്നു തന്നെ പോസ്റ്റുമോർട്ടത്തിനായി കൈമാറും. ഫോറൻസിക് വിദഗ്ധരും സ്ഥലത്ത് പരിശോധനയ്ക്ക് സ്ഥലത്തെത്തി. നാട്ടുകാരും സ്ഥലത്തുണ്ട്.

സമാധി സ്ഥലത്ത് വൻ പൊലീസ് സംഘമാണ് ഉള്ളത്. സമാധി സ്ഥലം പൊളിച്ച് മൃതദേഹം പോസ്റ്റുമോർട്ടം നടത്തണമെന്നും മരണകാരണത്തെ കുറിച്ച് അന്വേഷിക്കണമെന്നും നാട്ടുകാരാണ് ആവശ്യപ്പെട്ടത്. സംഭവത്തെ കുറിച്ച് പൊലീസ് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിരുന്നു. പൊലീസ് അന്വേഷണം തുടരുകയാണ്. വീട്ടുകാരുടെ ഉൾപ്പെടെ മൊഴിയെടുക്കുകയും ചെയ്തു.

സമാധി തുറക്കാൻ അനുവദിക്കില്ലെന്ന നിലപാടിലാണ് കുടുംബം. ഭർത്താവ് സമാധിയായതാണെന്നും തുറക്കാൻ അനുവദിക്കില്ലെന്നും ഗോപൻ സ്വാമിയുടെ ഭാര്യ സുലോചന പറഞ്ഞു. ക്ഷേത്ര ഭരണം പിടിച്ചെടുക്കാൻ ശ്രമിക്കുന്നവരാണ് പരാതിക്ക് പിന്നിൽ. ബന്ധുക്കളാരും പരാതി നൽകിയിട്ടില്ല. ഭർത്താവ് കിടപ്പ് രോഗിയായിരുന്നില്ല. നടക്കുമായിരുന്നുവെന്നും സുലോചന പറഞ്ഞു. പിതാവിന്റെ സമാധി തുറക്കാൻ ശ്രമിച്ചാൽ ആത്മഹത്യ ചെയ്യുമെന്ന് മകൻ രാജസേനനും മുന്നറിയിപ്പ് നൽകി.

ലീഗ് സെമിനാറിൽ പങ്കെടുക്കാൻ ജി. സുധാകരൻ; പങ്കാളിത്തം സിപിഎം നേതാക്കളുടെ ലീഗ് വിമർശനങ്ങൾക്കിടെ

കോഴിക്കോട്: പാർട്ടിയുമായുള്ള കടുത്ത അസ്വാരസ്യങ്ങൾക്ക് പിന്നാലെ മുസ്ലിംലീഗ് സംഘടിപ്പിക്കുന്ന സെമിനാറിൽ പങ്കെടുക്കാൻ മുതിർന്ന സി.പി.എം. നേതാവ് ജി. സുധാകരൻ. മുസ്ലീംലീഗ് ആലപ്പുഴ ജില്ലാ കമ്മിറ്റി ഇന്ന് വൈകിട്ട് സംഘടിപ്പിക്കുന്ന ഭരണഘടനയും ന്യൂനപക്ഷ അവകാശങ്ങളും എന്ന സെമിനാറിലാണ് ജി. സുധാകരൻ പങ്കെടുക്കുക.

കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ഉദ്ഘാടകനായി എത്തുന്ന പരിപാടിയിലാണ് ജി. സുധാകരന്റെ പങ്കാളിത്തം. മുഖ്യമന്ത്രി പിണറായി വിജയനും സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദനും ഉൾപ്പടെയുള്ള സി.പി.എം. നേതാക്കൾ ലീഗ് വിമർശനം ശക്തമാക്കിയിരിക്കുന്ന സമയത്താണ് സെമിനാറിൽ സുധാകരൻ പങ്കെടുക്കുന്നത്.

പാർട്ടി പരിപാടികളിൽനിന്ന് തന്നെ മാറ്റിനിർത്തുന്നതിൽ നേരത്തെതന്നെ ജി. സുധാകരൻ എതിർപ്പ് അറിയിച്ചിരുന്നു. തുടർന്നാണ് സി.പി.എം. ആലപ്പുഴ ജില്ലാ സമ്മേളനത്തിന്റെ ഉദ്ഘാടനത്തിലേക്കും സമാപന സമ്മേളനത്തിലേക്കും ജി. സുധാകരനെ ക്ഷണിച്ചത്. എന്നാൽ, രണ്ട് പരിപാടികളിലും അദ്ദേഹം പങ്കെടുത്തില്ല. ആലപ്പുഴയിലെ വോട്ട് മറിക്കലിൽ അന്വേഷണം നടത്താത്തതിലും ജില്ലയിലെ വിഭാഗീയത അവസാനിപ്പിക്കാൻ ശ്രമം നടത്താത്തതിലും സുധാകരന് വിയോജിപ്പുണ്ട്.

പിണറായി വിജയൻ പാർട്ടിയിൽ അധികാരം മുറുക്കുന്നതിലുള്ള വിയോജിപ്പിന്റെ ഭാഗമായി കൂടിയായിരുന്നു സമ്മേളനത്തിൽ നിന്നുള്ള ജി. സുധാകരന്റെ മാറി നിൽക്കൽ. മുഖ്യമന്ത്രി അടങ്ങുന്ന സർക്കാരിനെതിരേയും പാർട്ടിക്ക് എതിരേയുമുള്ള വിമർശനങ്ങളെ ഒതുക്കിത്തീർക്കാൻ ആദ്യാവസാനം പിണറായി വിജയൻ പങ്കെടുത്ത സമ്മേളനം കൂടിയായിരുന്നു ആലപ്പുഴയിലേത്.

കഴിഞ്ഞ 18 ജില്ലാ സമ്മേളനങ്ങളിലെ സജീവസാന്നിധ്യമായിരുന്ന സുധാകരൻ 1975-ന് ശേഷം പങ്കെടുക്കാത്ത ആദ്യ ജില്ലാ സമ്മേളനമായിരുന്നു ഇത്തവണ ആലപ്പുഴയിലേത്. സി.പി.എം. പ്രതിനിധിയായിട്ടാണ് സുധാകരനെ സെമിനാറിൽ ക്ഷണിച്ചതെന്നാണ് ലീഗ് നേതാക്കളുടെ പ്രതികരണം.

കോടതി പരസ്യം

ബഹു. തൃശൂർ കുടുംബ കോടതി മുമ്പാകെ

OP: 969/2023

ചാവക്കാട് താലൂക്ക് എളവള്ളി വില്ലേജ് ദേശത്ത് കട്ടപ്പത്ത് വീട്ടിൽ ഭരതൻ മകൻ 34 വയസ് ധനേഷ്

-ഹരജിക്കാരൻ

തൃശൂർ താലൂക്ക് താന്ന്യം വില്ലേജ് ദേശത്ത് പാമ്പും പുള്ളി വീട്ടിൽ കുട്ടൻ മകൻ 33 വയസ് നിഖിൽ

- 2-ാംഎതൃകക്ഷി

മേൽ നമ്പറിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിസും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിന് അനുവദിച്ച് മേൽ നമ്പർ കേസ് **03-03-2025** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. ആയതിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ ടി കേസ് തീർപ്പാക്കുന്നതാണെന്നുമുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 07-01-2025

ഹരജിഭാഗം അഡ്വക്കേറ്റ്

ടി ആർ ഗിരീന്ദ്രബാബു

(ഒപ്പ്)

സതീശനെതിരെ കോഴയാരോപണം ഉന്നയിച്ചത് പി. ശശി പറഞ്ഞിട്ട്, മാപ്പ് ചോദിക്കുന്നു: അൻവർ

തിരു: വി.ഡി സതീശനെതിരെ ഉന്നയിച്ച 150 കോടി രൂപയുടെ കോഴ ആരോപണം മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി.ശശി ഡ്രാഫ്റ്റ് ചെയ്തതാണെന്ന് നിലമ്പൂർ എം.എൽ.എ പി.വി അൻവർ. പാർട്ടി തന്നെ ഏൽപിച്ച ജോലി മാത്രമാണ് സ്പീക്കറുടെ അറിവോടെ താൻ ചെയ്തതെന്നും അതിന്റെ പാപഭാരം താനിപ്പോഴും ചുമക്കുകയാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു

പ്രതിപക്ഷ നേതാവ് വി.ഡി സതീശനെതിരെ 150 കോടിയുടെ കോഴ ആരോപണം സഭയിൽ ഉന്നയിച്ചത് പി.ശശി നിർബന്ധം പിടിച്ചതുകൊണ്ടാണ്. അതും സ്പീക്കറുടെ അറിവോടെ. പിതാവിന് തുല്യം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മുഖ്യമന്ത്രിയേയും കുടുംബത്തേയും സഭയിലിട്ട് ആക്രമിക്കുന്നത് കണ്ടതിന്റെ മാനസിക സംഘർഷത്തിലാണ് അന്ന് താൻ ആ വിഷയം സഭയിൽ അവതരിപ്പിച്ചതെന്നും അൻവർ പറഞ്ഞു.

പാർട്ടി ഏൽപിച്ച കാര്യം മാത്രമാണ് താൻ ചെയ്തത്. പക്ഷേ, വിജിലൻസ് അന്വേഷണത്തിൽ അതിൽ കഴമ്പില്ലെന്ന് തെളിഞ്ഞു. കോൺഗ്രസ് നേതൃത്വത്തിന് മുന്നിൽ ശത്രുവായി അവതരിപ്പിക്കാനാണോ അന്നങ്ങനെ ഒരു പ്ലാനിങ് നടന്നതെന്ന് അറിയില്ല. അന്ന് നടന്ന സംഭവത്തിൽ വി.ഡി സതീശനുണ്ടായ മാനഹാനിക്ക് കേരളസമൂഹത്തോട് മാപ്പ് പറയുകയാണെന്നും അൻവർ കൂട്ടിച്ചേർത്തു.

സ്പീക്കറെ കണ്ട് രാജിക്കത്ത് നൽകിയശേഷം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. എൽഡിഎഫിനൊപ്പമുള്ള യാത്രയിൽ കൂടെ നിന്ന എല്ലാവർക്കും നന്ദി പറഞ്ഞാണ് എം.എൽ.എ വാർത്താസമ്മേളനം ആരംഭിച്ചത്. രാജി പോരാട്ടത്തിന്റെ അടുത്തഘട്ടം മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു

'നിലമ്പൂരിലെ ജനങ്ങൾക്ക് നന്ദി. നിയമസഭയിൽ എത്തിച്ചേരാൻ പിന്തുണ നൽകിയ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ നേതാക്കൾക്കും പ്രവർത്തകർക്കും നന്ദി. എം. എൽ. എ എന്ന നിലയിലെ എട്ടര വർഷത്തെ രാഷ്ട്രീയ ജീവിതത്തിന് ശേഷം കഴിഞ്ഞ 11-ാം തീയതി തന്നെ സ്പീക്കർക്ക് ഇ-മെയിലൂടെ രാജി അയച്ചു. സ്വന്തം കൈപ്പടയിൽ എഴുതി ഒപ്പിട്ട

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

'സ്വരസംഗമം-കർണാറ്റിക് എപിക് ക്വയറിന്റെ നേതൃത്വത്തിൽ റീജണൽ തീയേറ്ററിൽ വച്ച് നടത്തിയ പി. ജയചന്ദ്രന് സ്മരണാഞ്ജലി പ്രശസ്ത സംഗീതജ്ഞ ഡോ. മാലിനി ഹരിഹരൻ ഉത്ഘാടനം ചെയ്യുന്നു

ഇരിങ്ങാലക്കുട വരവീണ സ്കൂൾ ഓഫ് മ്യൂസിക്കിന്റെ 'സ്വരസംഗമം'

തൃശ്ശൂർ : ഇരിങ്ങാലക്കുട വരവീണ സ്കൂൾ ഓഫ് മ്യൂസിക്കിന്റെ 'സ്വരസംഗമം-കർണാറ്റിക് എപിക് ക്വയറിന്റെ നേതൃത്വത്തിൽ റീജണൽ തീയേറ്ററിൽ വച്ച് നടത്തുകയുണ്ടായി. പി. ജയചന്ദ്രന് സ്മരണാഞ്ജലി അർപ്പിച്ചുകൊണ്ട് പ്രശസ്ത സംഗീതജ്ഞ ഡോ. മാലിനി ഹരിഹരൻ ഉത്ഘാടനം നിർവഹിച്ചു.

ക്ലാസിക്കൽ കൊമ്പോസിഷനുകളുടെ അവതരണത്തിലെ പരമ്പരാഗത മൂല്യങ്ങളെ ഉയർത്തികാട്ടുന്ന സംഗീതഞ്ജൻ സംഗീതകലാനിധി നെയ്‌വേലി.ആർ.സന്താനഗോപാലന്റെ ശിക്ഷണത്തിൽ നൂറോളം സംഗീതഞ്ജരും, സംഗീത വിദ്യാർഥികളും ചേർന്ന് വേദിയെ സംഗീതസാന്ദ്രമാക്കി

മാതംഗി സത്യമൂർത്തി, വി. ശ്രീലത നമ്പൂതിരി, വിദ്യാലക്ഷ്മി, അജിത് നമ്പൂതിരി, ഡോ. മൃദുല അശ്വിൻ എന്നീ സംഗീതജ്ഞരോടൊപ്പം വീണ വിദ്വാൻ മുടിക്കോണ്ടൻ എസ്. എൻ രമേഷ്, വയലിൻ വിദ്വാൻ വയലാ രാജേന്ദ്രൻ, മൃദംഗ വിദ്വാൻ സനോജ് പൂങ്ങാട് എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു. വരവീണ സ്കൂൾ ഓഫ് മ്യൂസിക് ഡയറക്ടർ എസ്. ശ്രീവിദ്യ വർമ്മയുടെ നേതൃത്വത്തിലാണ് ഈ പരിപാടി സംഘടിപ്പിച്ചത്

ഡോ. സൈദു മുഹമ്മദ് ഹാജി രചിച്ച 'കാളവണ്ടിക്കാലം' കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സി എച്ച് മുഹമ്മദ് കോയ ചെയറിൽ പ്രവർത്തിക്കുന്ന മാപ്പിള ഹെറിറ്റേജ് ലൈബ്രറിയിലേക്ക് നൽകുന്നു.

ആനകളുടെയും മനുഷ്യരുടെയും സംരക്ഷണം ഉറപ്പാക്കണം

കൊച്ചി: ഉത്സവങ്ങൾക്കും ആഘോഷങ്ങൾക്കും ആനകളെ ഉപയോഗിക്കുന്നതിൽ നിലവിലുള്ള ചട്ടങ്ങളും കോടതി നിർദേശങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് ഫെഡറേഷൻ ഓഫ് ഇന്ത്യൻ ആനിമൽ പ്രൊട്ടക്ഷൻ ഓർഗനൈസേഷൻസ് ആവശ്യപ്പെട്ടു. മനുഷ്യരെയും ആനകളെയും സംരക്ഷിക്കുന്ന തിനുള്ള നടപടികൾ അധികാരികൾ സ്വീകരിക്കണം.

2012ലെ നാട്ടാന പരിപാലന ചട്ടങ്ങൾ കർശനമായി പാലിക്കാൻ സുപ്രീംകോടതി നിർദേശിച്ചിരുന്നു. അനിഷ്ട സംഭവങ്ങൾ തുടരുമ്പോഴും 2012ലെ ചട്ടങ്ങൾ ലംഘിക്കുന്നത് ആവർത്തിക്കുകയാണെന്നും സംഘടന ആരോപിച്ചു.

തൃശൂർ ഫ്ളവർ ഷോ ചിത്രരചന മത്സര വിജയികൾ

തൃശൂർ: എൽ വിഭാഗം ഒന്നാം സമ്മാനം: ശിവദ കെ വി അവണൂർ, രണ്ടാം സമ്മാനം: ബേസിൽ പി. ബാബു, ചേലക്കോട്ടുകര, മൂന്നാം സമ്മാനം: അതിഥി രാജേഷ്, വരടിയം.

യു പി വിഭാഗം: ഒന്നാം സമ്മാനം: അശ്വജിത്ത് അ.ങ. അടാട്ട്. രണ്ടാം സമ്മാനം: ശിവദേവ് എം വി ക്കൂർക്കഞ്ചേരി. മൂന്നാം സമ്മാനം: റിട്ടു എ കൂർക്കഞ്ചേരി.

എച്ച് എസ് വിഭാഗം: ഒന്നാം സമ്മാനം: നിയ നർഗ്ഗീസ്, ചെന്ദ്രാപ്പിന്നി. രണ്ടാം സമ്മാനം: അതുൽ രാജ് പി ആർ. ചൂലിശ്ശേരി മൂന്നാം സമ്മാനം: ഗൗതം. സി യു.

ക്ലോത്ബാങ്ക് പ്രൊജക്ട്പ്രകാരം വസ്ത്രങ്ങൾ വിതരണം ചെയ്തു

തൃശൂർ: ലയൺസ് ക്ലബ് ഇന്റർനാഷണൽ 318D യുടെ ക്ലോത്ബാങ്ക് പ്രൊജക്ട്പ്രകാരം പാലക്കാട് ചന്ദ്രനഗർ ക്ലബ്തൃശൂർ മന്ന പന്തലിൽ വെച്ച് വസ്ത്രങ്ങൾ ഡിസ്ട്രിക്ട് ഗവണർ ലയൺ PMJF ജെയിംസ് പോൾ വള്ളപ്പില വൈസ് ഡിസ്ട്രിക്ട് ഗവണർ ലയൺ T ജയകൃഷ്ണൻ PMJF എന്നിവരുടെ സാന്നിധ്യത്തിൽ ക്ലോത്ബാങ്ക് കോർഡിനേറ്റർ പീതാംബരൻ രാരമ്പത്തിന് നൽകി.

ചന്ദ്രനഗർ ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ Adv. രാംമോഹൻ അധ്യക്ഷത വഹിച്ചു സംസാരിച്ചു. ഡിസ്ട്രിക്ട് ഗവണർ ലയൺ ജെയിംസ് പോൾ വള്ളപ്പില പ്രൊജക്റ്റ് ഉൽഘാടനം ചെയ്തു. വൈസ് ഡിസ്ട്രിക്ട് ഗവണർ ലയൺ T ജയകൃഷ്ണൻ PMJF പദ്ധതി വിശദീകരിച്ചു.

മന്ന പന്തലിൽ നടക്കുന്ന അന്നദാനത്തിൽ പങ്കെടുക്കുന്ന അഗതികൾക്ക് വസ്ത്രങ്ങൾ നൽകി. അഡിഷണൽ ക്യാബിനറ്റ് സെക്രട്ടറി ലയൺ രാജൻ K നായർ റീജിയൺ ചെയർപേഴ്സൺ ലയൺ OS സുമേഷ് MJF എങ്ങണ്ടിയൂർ ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ PR മോഹൻദാസ് MJF, വാടാനപള്ളി ലയൺസ് ക്ലബ് എക്സിക്യൂട്ടീവ് മെമ്പർ ലയൺ മോഹൻ രാമു ചന്ദ്രനഗർ ക്ലബ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി. സെക്രട്ടറി ലയൺ Dr.നിവാസ് ബാബു എസ് നന്ദി പറഞ്ഞു .

മംഗളകർമ്മ നിധി ലിമിറ്റഡ്

First Floor, Cameo Plaza, Door No. 29/490/5,
Shornur Road, Thrissur, Ph : 9562574000
CIN No. U65990KL2019PLC056911

സ്വർണ്ണപണയ ലേല വിൽപ്പന നോട്ടീസ്

സ്ഥാപനത്തിന്റെ ഷൊർണ്ണൂർ റോഡ് തൃശ്ശൂർ ശാഖയിൽ പണയം വെച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞതിനാൽ നോട്ടീസ് അയച്ച് ബന്ധപ്പെട്ട കക്ഷിയും കൈപ്പറ്റിയും കൈപ്പറ്റാതെ മടങ്ങി വന്നിട്ടുള്ളതുമായ നോട്ടീസ് തിയ്യതിക്കകം പണമടച്ച് ക്ലോസ്സ് ചെയ്ത് ഉരുപ്പടികൾ തിരികെ കൈപ്പറ്റാത്തതുമായ താഴെ പറയുന്ന അക്കൗണ്ട് നമ്പറിലുള്ള സ്വർണ്ണ ഉരുപ്പടികൾ **2025 ജനുവരി 30 വ്യാഴാഴ്ച കാലത്ത് 10.30** മണിക്ക് സ്ഥാപനത്തിന്റെ തൃശ്ശൂർ, ഷൊർണ്ണൂർ റോഡ് ശാഖയിൽ വെച്ച് പരസ്യമായ ലേല വിൽപ്പന നടത്തുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഉരുപ്പടികളുടെ വിശദാംശങ്ങളും ലേല വ്യവസ്ഥകളും തൃശ്ശൂർ ശാഖയുടെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാകുന്നു. ലേല വിൽപ്പന സ്ഥാപനത്തിന്റെ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കുന്നതാണ്. എന്തെങ്കിലും കാരണവശാൽ ലേലം നീട്ടി വയ്ക്കുവാനും നിർത്തി വയ്ക്കുവാനും സ്ഥാപനത്തിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

ക്രമ നമ്പർ	വായ്പ നമ്പർ	വായ്പ തിയ്യതി	വായ്പക്കാരന്റെ പേരും മേൽ വിലാസവും	ഉരുപ്പടിയുടെ തൂക്കം
1	GL00281/23	27-03-24	BINDU V C, W/o KUTTAN C V, CHANNENGADAN HOUSE, KUTTUMUKKU ROAD, CHERUR PO, THRISSUR- 680008	17.27
2	GL00089/24	07-06-24	HEMALATHA, W/o. VIJAYAKUMARAN MAVELI MADAM (H), AINIKKAL ROAD, PARAKKAD ARIMPUR,THRISSUR -680620	33.23
3	GL00090/24	07-06-24	VIJAYAKUMAR , S/o SREEDHARAN, MAVELI MADAM (H) P O PARAKKAD, ARIMPUR, THRISSUR -680620	32.51
4	GL00098/24	20-06-24	SEENA KRISHNANKUTTY W/o. KRISHNANKUTTY,, INCHIPULLUVALAPPAIL, CHERPPUMKUNNU,PULLUR, THRISSUR-680683	31.79
5	GL00098/24	20-06-24	MIDHUN KRISHNAN, S/o KRISHNANANKUTTY, INCHIPULLUVALAPPAIL, CHERPPUMKUNNU,PULLUR, THRISSUR-680683	12.57
			TOTAL	127.37

ലേല നിബന്ധനകൾ : (1) ലേലത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർ പാൻകാർഡും, വിലാസം തിരിച്ചറിയൽ എന്നിവ തെളിയിക്കുന്ന രേഖകളുമായി വന്ന് ലേലത്തിൽ പങ്കുകൊള്ളാവുന്നതാണ്. (2) ലേലത്തിൽ വിജയിക്കുന്ന വ്യക്തി ലേല തുക ഉടൻ തന്നെ അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കണ്ടുകെട്ടുന്നതാണ്.

തൃശ്ശൂർ
13-01-2025

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
മംഗളകർമ്മ നിധി ലിമിറ്റഡ്

ഒളരിയിൽ 1 കി മീറ്റർ പ്രതിഷേധ മനുഷ്യച്ചങ്ങല

ഒളരി: ഒളരി കൊട്ടിൽ റോഡിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവർ മാറ്റി സ്ഥാപിക്കുന്നതിന്നായി ഒളരി നിവാസികൾ നടത്തി വരുന്ന മാരത്തോൺ സമരശൃംഖലയുടെ പതിനാറാം ദിവസമായ ജനുവരി 12ന് പ്രക്ഷോഭത്തിന്റെ രണ്ടാം ഘട്ടത്തിന്റെ പ്രഖ്യാപനത്തോടനുബന്ധിച്ച് പ്രതിഷേധ മനുഷ്യച്ചങ്ങല സംഘടിപ്പിച്ചു.

പവർ റെസിഡന്റ്സ് അസോസിയേഷൻ, ഒളരിക്കര - ബംഗ്ളാവ് റോഡ് റെസിഡന്റ്സ് അസോസിയേഷൻ, മില്ലേനിയം നഗർ റെസിഡന്റ്സ് അസോസിയേഷൻ എന്നിവിടങ്ങളിലെ ജനങ്ങളും, നാട്ടുകാരും ചേർന്നാണ് മൊബൈൽ ടവർ വിരുദ്ധ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് സമരപ്രക്ഷോഭ പരിപാടികൾ നടത്തി വരുന്നത്.

പ്രതിഷേധ മനുഷ്യച്ചങ്ങലയിൽ അഞ്ഞൂറോളം പേർ കണ്ണികളായി. ഒളരിയിൽ ഡിവിഷൻ കൗൺസിലർ ശ്രീലാൽ ശ്രീധറും, രേവതി കോർണറിൽ കൗൺസിലർ രാമനാഥനും കണ്ണികളായി അണി ചേർന്നു.

പീച്ചി ഡാം റിസർവോയറിൽ വീണ 4 പെൺകുട്ടികളിൽ ഒരാൾ മരിച്ചു 3 പേർ ചികിത്സയിൽ

തൃശ്ശൂർ: ഇന്നലെ പീച്ചി ഡാം റിസർവോയറിൽ വീണ നാല് പെൺകുട്ടികളിൽ ഒരാൾ മരിച്ചു. തൃശൂർ പട്ടിക്കാട് സ്വദേശിനി അലീന യാണ് മരിച്ചത്. തൃശൂർ സെന്റ് ക്ലയേഴ്സ് സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിനിയാണ്.

റിസർവോയറിൽ വീണ മറ്റ് മൂന്നു പേർ ചികിൽസയിൽ തുടരുകയാണ്. ആൻ ഗ്രേയ്സ്, എറിൻ, നിമ എന്നിവരാണ് തൃശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ ചികിത്സയിലുള്ളത്. സുഹൃത്തിന്റെ വീട്ടിൽ തിരുന്നാൾ ആഘോഷത്തിന് എത്തിയതായിരുന്നു പെൺകുട്ടികൾ. ഡാം റിസർവോയറിൽ വീണ ചെരുപ്പ് എടുക്കാൻ ശ്രമിക്കുന്നതിനിടെയാണ് അപകടത്തിൽപ്പെട്ടത്.

ഡോ. കെ. എൻ. പിഷാരടി കഥകളി ക്ലബ്ബിന്റെ അമ്പതാം വാർഷികം



ഇരിഞ്ഞാലക്കുട :ഡോ. കെ. എൻ. പിഷാരടി കഥകളി ക്ലബ്ബിന്റെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് ഇരിഞ്ഞാലക്കുട ഉണ്ണായിവാരിയർ സ്മാരക കലാനിലയത്തിൽ സംഘടിപ്പിച്ചിട്ടുള്ള സുവർണ്ണം പരിപാടിയിൽ ഇന്ന് കലാമണ്ഡലം പ്രഷീജയുടെ ദമയന്തി മോഹിനിയാട്ടം അരങ്ങേറി. വർണ്ണത്തിന്റെ രൂപഘടനയിൽ ചിട്ടപ്പെടുത്തിയ ദമയന്തിയുടെ രചന പ്രഷീജയുടെ ഭർത്താവ് അന്തരിച്ച കലാനിലയം ഗോപിനാഥൻ ആണ് നിർവഹിച്ചിരിക്കുന്നത്. സ്വയംവരത്തിനിടയിൽ 5നളന്മാരെ കണ്ട് പരിഭ്രമിച്ച ദമയന്തിയെ സരസ്വതിദേവി ദേവൻ മാരുടെ പാദം ഭൂമിയിൽ പതിഞ്ഞിട്ടുണ്ടാകില്ല എന്ന് അറിയിക്കുന്നതും അങ്ങിനെ യഥാർത്ഥ നളനെ മനസ്സിലാക്കി വിവാഹം കഴിക്കുന്നതും ചൂതുകളിയിൽ തോറ്റ നളൻ പിന്നീട് വനത്തെ തനിക്കൊപ്പം പ്രാപിക്കുന്നതും ഇടക്ക് നളൻ ദമയന്തിയെ ഉപേക്ഷിക്കുന്നതും തുടർന്ന് പെരുമ്പാമ്പ് ദമയന്തിയുടെ കാലിൽ ചുറ്റുന്നതും കാട്ടാളൻ അതിനെ കൊല്ലുന്നതും തന്നെ വിവാഹം കഴിക്കാൻ ബലപൂർവ്വം ശ്രമിക്കുന്ന കാട്ടാളനെ ദമയന്തി ശപിച്ത്തീയിൽ അയ്യാൾ ഭസ്മമായിപ്പോകുന്നതും ശേഷം കുണ്ടിനപുരത്തു എത്തിച്ചേർന്ന് ദമയന്തിയുടെ രണ്ടാം വിവാഹവാർത്തയറിഞ്ഞു ഋതുപർണ്ണ രാജാവ് തേരാളിയും രൂപത്തിൽ ബാഹുകനുമായ നളനെയും കൂട്ടി അവിടെ എത്തുന്നതും തോഴി കേശിനി വഴി നളന്റെ അടുത്തേക്ക് എത്തിയ ദമയന്തി നളൻ അവളെക്കണ്ട് ക്രുദ്ധനായി കോപിച്ച് സംസാരിക്കുന്നതും വായുദേവന്റെ അശരീരി കേട്ട് നളൻ ദമയന്തിയെ സ്വീകരിക്കുന്നതും ആണ് കഥയിലെ ഇതിവൃത്തം. കലാമണ്ഡലം വിഷ്ണു വായ്പ്പാട്ടിലും കലാമണ്ഡലം ഹരികൃഷ്ണൻ മൃദംഗത്തിലും ആർ. ൽ. വി. പ്രദീപ് നാട്ടുവാങ്കത്തിലും സംഗീത് മോഹൻ വയലിനിലും ആയി പശ്ചാത്തലമേളം നൽകി.കലാനിലയം രാജീവ്മേക്കപ്പും ദീപ സുരേഷ് വസ്ത്രലങ്കാരവും നിർവ്വഹിച്ചു.

തീവണ്ടി മുട്ടി മരിച്ചു

പുതുക്കാട്: ഊരകം സ്വദേശി പാലാനി സുബ്രൻ മകൻ സുബീഷ് (33) തീവണ്ടി മുട്ടി മരിച്ചു. ഭാര്യയും ഒരു മകനും ഉണ്ട്.

അക്ഷരത്തിൻ കാവലാൾക്കും ഭാവഗീത ശില്പിക്കും ആദരം

തൃശൂർ:തൃശൂർ സാംസ്കാരിക അക്കാദമിയുടെ നവവത്സരാദരം - സാഹിത്യ സംവാദ സദസ് തൃശൂർ നാഷണൽ ബുക്ക് സ്റ്റാളിൽ നടന്നു. എം.ടിയും കാലവും - എന്ന വിഷയം അവതരിപ്പിച്ച് സാഹിത്യകാരൻ ഷാജു പുതൂർ സാഹിത്യ സദസ് ഉൽ ഘാടനം ചെയ്തു.ഭാവഗായകൻ പി.ജയചന്ദ്രൻ അനുസ്മരണ പ്രഭാഷണം സാഹിത്യകാരൻ - ശപത്ഥ്നിർവഹിച്ചു.

അഡ്വ: എ.ഡി.ബെന്നി അദ്ധ്യക്ഷത വഹിച്ചു. രാജൻ എ ലവത്തൂർ , മോഹൻദാസ് പാറപ്പുറത്ത്, ഡേവിസ് കണ്ണമ്പുഴ, എം.എം.എ.റസാവ്, പി. ഉദയകുമാർ, പ്രൊഫ വി പി. ജോൺസ് പ്രസംഗിച്ചു

തൃശൂർ സാംസ്കാരിക അക്കാദമിയുടെ നവവത്സരാദരം -എം ടിയും കാലവും സാഹിത്യ സംവാദ സദസ്സ് ഉൽഘാടനം സാഹിത്യകാരൻ ഷാജു പുതൂർ നിർവഹിച്ച് പ്രസംഗിക്കുന്നു

സംസ്ഥാന ഉന്നതവിദ്യഭ്യാസ വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു തൃശൂർ ഫ്ളവർ ഷോ ഉത്ഘാടനത്തിനു ശേഷം പ്രദർശന നഗരി സന്ദർശിക്കുന്നു.

ഒറ്റരാശി താംബൂല പ്രശ്നം

ഇരിങ്ങാലക്കുട: ശ്രീ കൂടൽമാണിക്യ ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് ഉണ്ടാകാറുള്ള അഭൂത പൂർവ്വമായ തിരക്കു പരിഗണിച്ച് കിഴക്കേ നടയിലെ ആനപ്പടി വീതി കൂട്ടുന്നതിന്റെ ദേവഹിതം അറിയുന്നതിന് പ്രശസ്ത ജ്യോതിഷി ജയദേവ പണിക്കർ ദേവജ്ഞനായി ജനുവരി 15 ബുധൻ രാവിലെ 9 മണിക്ക് ഒറ്റരാശി താംബൂല പ്രശ്നം നടത്തുന്നു. എല്ലാ ഭക്തജനങ്ങളും പ്രസ്തുത മംഗള കർമ്മത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കാണിപ്പയ്യൂർ ഉഭയൂർ ശിവ ക്ഷേത്രത്തിൽ തിരുവാതിര മഹോത്സവം ഇന്ന്

കുന്നംകുളം : കാണിപ്പയ്യൂർ ഉഭയൂർ ശിവക്ഷേത്രത്തിൽതിരുവാതിര മഹോത്സവം ഇന്ന് . ഞായറാഴ്ച വൈകീട്ട് നിറമാലയും വാരമിരിക്കലും തുടർന്ന് ഇന്ന് പുലർച്ചെ 5 മണിയ്ക്ക് നട തുറക്കൽ നിർമ്മാല്യദർശനം മലർനിവേദ്യം, ഗണപതി ഹോമവും നടന്നു. 7.30 ന് ബ്രഹ്മശ്രീ കീഴ്മുണ്ടയൂർ നീലകണ്ഠൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ 108 ഇളനീർ അഭിഷേകം, തന്ത്രിപൂജ,വാരസദ്യ, തിരുവാതിര വിളക്ക്, തിരുവാതിര പ്രസാദ ഊട്ട്, ഉമാമഹേശ്വര പൂജ എന്നിവ നടന്നു കൊണ്ടിരിക്കുന്നു. തിരുവാതിരമഹോത്സവത്തോടനുബന്ധിച്ച് ഇന്ന് ദീപാരാധനക്ക് ശേഷം ക്ഷേത്രാങ്കണത്തിൽ തിരുവാതിരക്കളിയും മറ്റു കലാപരിപാടികളും നടക്കും. ഭഗവദ് കടാക്ഷത്തിനായി എല്ലാ ഭക്തജനങ്ങളും പങ്കെടുക്കണമെന്ന് ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡണ്ട് ഉണ്ണികൃഷ്ണമേനോൻ, സെക്രട്ടറി എം. ആർ നിമിലാകരൻ എന്നിവർ അറിയിച്ചു.

ഇരിങ്ങാലക്കുട സെന്റ് ജോസഫ് (ഓട്ടോണമസ്) കോളേജിൽ റിസർച്ച് ക്ലബ് രൂപീകരിച്ചു

ഇരിഞ്ഞാലക്കുട: ഗവേഷണ രംഗത്തെ കൂടുതൽ ഊർജ്ജസ്വലമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഇരിഞ്ഞാലക്കുട സെന്റ് ജോസഫ് കോളേജിൽ പുതിയതായി രൂപീകരിച്ച റിസർച്ച് ക്ലബ്ബിന്റെ ഉദ്ഘാടനം ജനുവരി 9നു കാലിക്കറ്റ് യൂണിവേഴ്സിറ്റി റിസർച്ച് സെന്റർ ഡയറക്ടറും രസതന്ത്ര വിഭാഗം പ്രൊഫസറും ആയിട്ടുള്ള ഡോ. രാജീവ് എസ് മേനോൻ നിർവഹിച്ചു.

കോളേജ് പ്രിൻസിപ്പൽ ഡോ. സി. ബ്ലെസ്സി അധ്യക്ഷത വഹിച്ച ചടങ്ങിൽ വൈസ് പ്രിൻസിപ്പൽമാർ, റിസർച്ച് സെന്റർ ഡയറക്ടർ ഡോ. സി.അഞ്ജന,ഐ ക്യു എ സി കോർഡിനേറ്റർ ഡോ.ബിനു ടി.വി എന്നിവർ സന്നിഹിതർ ആയിരുന്നു.

ഈ അധ്യയന വർഷത്തിലെ സീഡ് മണി ഗ്രാൻഡ് വിതരണവും മികച്ച റിസർച്ച് പേപ്പർ അവാർഡ് വിതരണവും ചടങ്ങിൽ നിർവഹിച്ചു.

ശ്രീമദ് ഭഗവദ്ഗീത പഠനക്ലാസ് ഉദ്ഘാടനം

ഇരിങ്ങാലക്കുട: ശ്രീമദ് ഭഗവദ്ഗീത പഠന ക്ലാസിന്റെ ഉദ്ഘാടനം ഈ മാസം 14 ന് 4-30 ന് കണ്ഠേശ്വരം ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടക്കും എല്ലാ ശനിയാഴ്ചയും വൈകീട്ട് 4.30 മുതൽ പ്രശസ്ത യോഗാചാര്യനും ശ്രീമദ് ഭഗവത്ഗീത അദ്ധ്യാപനരംഗത്തെ അനേക വർഷത്തെ പ്രവർത്തന പരിചയമുള്ള അമ്പാടി രാമചന്ദ്രനാണ് ക്ലാസ് എടുക്കുന്നത്.

സായുധസേന വെറ്ററൻ ദിനാചരണം

തൃശൂർ: സായുധസേന വെറ്ററൻ ദിനാചരണത്തിന്റെ ഭാഗമായി ബാംഗ്ലൂർ സബ് ഏരിയയുടെ കീഴിലുള്ള സി.എസ്ഡി കാന്റീനും, ഇസിഎച്ച്എസ് പോളി ക്ലിനിക്കും, തൃശ്ശൂർ ജില്ലാ സൈനിക ക്ഷേമ ഓഫീസും സംയുക്തമായി ജനുവരി 14 ന് പൂത്തോൾ സൈനിക റസ്റ്റ് ഹൗസിൽ വിമുക്തഭട കൂട്ടായ്മ സംഘടിപ്പിക്കും. കൂട്ടായ്മയിൽ സൈനിക പെൻഷൻ, വിവിധ ക്ഷേമ പദ്ധതികൾ എന്നിവയെകുറിച്ച് സംശയനിവാരണത്തിന് അവസരമുണ്ടാക്കും. ഫോൺ: 9446081465.

ക്വട്ടേഷനുകൾ ക്ഷണിച്ചു

തൃശൂർ: ഡയറ്റ് കാര്യാലയത്തിലെ മേൽക്കൂര തകർന്നു വീണ കെട്ടിടത്തിന്റെ ഭാഗങ്ങളും, അറ്റകുറ്റപ്പണികളുടെ ഭാഗമായി പൊളിച്ചു മാറ്റിയ കെട്ടിടത്തിന്റെ അവശിഷ്ടങ്ങളും, മരഉരുപ്പടികളും, ഉപയോഗശൂന്യമായ ഫർണിച്ചറുകളും വിൽക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 15 ന് ഉച്ചയ്ക്ക് രണ്ടിനു മുമ്പ് ലഭിക്കണം.

വനിതാ ശിശുവികസന വകുപ്പിനു കീഴിലുള്ള ചാവക്കാട് ഐ.സി.ഡി.എസ് പ്രൊജക്ടിന്റെ പരിധിയിലുള്ള പുന്നയൂർ കുളം പഞ്ചായത്തിലെ അങ്കണവാടി സെന്റർ (നം. 20) സക്ഷം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടത്തുന്നതിന് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 22 ന് ഉച്ചക്ക് രണ്ടിന് മുമ്പ് ലഭിക്കണം. ഫോൺ: 0487 2507707.

കുന്നംകുളം സ്വദേശി തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ മരിച്ചു; മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ല

കുന്നംകുളം: സ്വദേശി തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ മരിച്ചു. കുന്നംകുളം സ്വദേശി വിനോദാണ് മരിച്ചതെന്ന് പോലീസ് അറിയിച്ചു. ഇദ്ദേഹത്തെക്കുറിച്ച് അറിയുന്നവർ കുന്നംകുളം പോലീസുമായി ബന്ധപ്പെടുക. 04885222211, ഇന്നലെ രാവിലെയാണ് തൃശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ തലയ്ക്ക് പരിക്കേറ്റ നിലയിൽ ചികിത്സയ്ക്കായി എത്തിയത്.ഇന്ന് രാവിലെ മരണം സംഭവിക്കുകയായിരുന്നു.

ഉർദു സ്വാതന്ത്ര്യ സമരത്തിന്റെ ഭാഷ അഡ്വ: ജോസഫ് ടാജറ്റ്

തൃശൂർ: ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഷയാണ് ഉർദുവെന്ന് തൃശൂർ ജില്ലാ പഞ്ചായത്ത് പ്രതിപക്ഷ നേതാവ് അഡ്വ: ജോസഫ് ടാജറ്റ് അഭിപ്രായപ്പെട്ടു. ഇന്ത്യൻ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിലും രാജ്യത്തിന്റെ പാരമ്പര്യം നിലനിർത്തുന്നതിലും വലിയ പങ്കു വഹിച്ച ഭാഷയാണ് ഉർദുവെന്നും ഭരണഘടന അംഗീകരിച്ച ഈ ഭാഷയെ ചേർത്തുപിടിക്കേണ്ട ബാധ്യത ഭരണകൂടത്തിനുണ്ടെന്നും അത് നിറവേറ്റാൻ ഭരണകർത്താക്കൾ തയ്യാറാകണമെന്നും അദ്ദേഹം പറഞ്ഞു.കെ.യു.ടി.എ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച പൂർവ്വ അധ്യാപക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന സമ്മേളന വർക്കിംഗ് ചെയർമാൻ അബ്ദുറസാഖ് മാസ്റ്റർ അധ്യക്ഷത വഹിച്ച ചടങ്ങിൽ കെ.യു.ടി.എ സംസ്ഥാന പ്രസിഡന്റ് ഡോ:ഷംസുദ്ദീൻ തിരൂർക്കാട്, സലാം മലയമ്മ , ടി. മുഹമ്മദ് മാസ്റ്റർ കെ അബ്ദുറഹ്മാൻ മാസ്റ്റർ, ദിൽഷാദ് മാസ്റ്റർ ഗാർഡീന എന്നിവർ സംസാരിച്ചു. ചടങ്ങിൽ സർവ്വീസിൽ നിന്ന് വിരമിക്കുന്ന ജാബിർ പി.എ, ഷരീഫ് കെ, വീനേഴ്സ് മിർസ ഹുസൈൻ, ഷീല പി.വി, മുനീറ കെ., ഷേർലി തോ തോമസ് എന്നിവർക്ക് യാത്രയയപ്പ് നൽകി.

VEHICLES FOR SALE

SHRIRAM FINANCE LTD.
1st Floor, Gopikhas, Arcade,
Near Govt. Hospital, Mukarikunnu,
PAZHAYANNUR ROAD, CHELAKKARA
THRISSUR-680586

Vehicle No	Vehicle Description	Year of manufacturing
KL44 E-8699	HYUNDAI EON-P	2017 MODEL
KL48 L-2156	MAHINDRA JEETO-11HP	2017 MODEL